# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ :5277.

27.07.2015 -ൽ മറുപടിയ്ക്ക്

## ഉപഭോക്തൃ കോടതികളിലെ കേസുകൾ

ചോദ്യം
ശ്രീ. കെ അജിത്.

ഉത്തരം
ശ്രീ.അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഉപഭോക്തൃ കോടതികളിൽ രജിസ്റ്റർ ചെയ്യുന്ന പല കേസുകളിലും നടപടികൾ വളരെ നീണ്ടുപോകുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; കേസുകൾ അനന്തമായി നീളുന്നതു മൂലം ഉപഭോക്താക്കൾ ക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്തിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ; | (എ) | കേസുകൾ വളരേയേറെ നീണ്ടുപോകാറില്ല. എന്നാൽ കേസിന്റെ സ്വഭാവം, കക്ഷികൾ ഹാജാരാകാതിരിക്കുക, കൂടുതൽ തെളിവെടുപ്പിനുള്ള കാലതാമസം എന്നീ ഘടകങ്ങൾ കൊണ്ടാണ് കേസുകൾ നീളുന്നത്. ഇത്തരം സാഹചര്യങ്ങളിൽ ഉപഭോക്താവിനുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കപ്പെടുന്നതിലേക്കായി കോടതി ചിലവിൽ എക്സ്പെർട്ട് കമ്മീഷണർമാരെ നിയമിക്കാറുണ്ട്. കൂടാതെ മുതിർന്ന പൗരൻമാർക്കായി, ആവശ്യപ്പെടുന്ന പക്ഷം അമിക്കസ് ക്യൂറിമാരെ നിയമിക്കാറുണ്ട്. ഉപഭോക്താക്കളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും കേസുകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിനുമായി സംസ്ഥാന കമ്മീഷന്റെ അദാലത്തുകളും, ക്യാംപ് സിറ്റിംഗുകളും സംഘടിപ്പിക്കാറുണ്ട്. |
| (ബി) | ഉപഭോക്തൃ കോടതികളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകൾ തീർപ്പാകുന്നതിന് ഒരു നിശ്ചിതകാലയളവ് നിശ്ചയിക്കുവാൻ തയ്യാറാകുമോയെന്നു വെളിപ്പെടുത്താമോ; | (ബി) | 1986 -ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിൽ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലും, സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും ഫയൽ ചെയ്യപ്പെടുന്ന കേസുകളിലും, അപ്പീലുകളിലും നടപടി പൂർത്തിയാക്കേണ്ടതിന്റെ സമയപരിധി വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) | ബി.എസ്.എൻ.എൽ.,കെ.എസ്.ഇ.ബി. പോലുള്ള സ്ഥാപനങ്ങൾ കേസുകൾ നടത്തുവാൻ താത്പര്യക്കുറവ് കാണിക്കുന്നതു മൂലം ഉപഭോക്താക്കൾ ക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ സർക്കാർ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (0 സി.) | ബി.എസ്.എൻ.എൽ., കെ.എസ്.ഇ.ബി. പോലുള്ള സ്ഥാപനങ്ങൾ കേസുകൾ നടത്തുവാൻ താത്പര്യക്കുറവ് കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെയുള്ള പക്ഷം സമൻസ്, വാറന്റ് എന്നിവ മുഖേന കേസുകൾ മുന്നോട്ട് കൊണ്ട് പോകാറുണ്ട്. |

സെക്ഷൻ ഓഫീസർ